**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുമളി ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - 2005-06 - ഖണ്ഡിക 3.21 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം. 2691/13 തസ്വഭവ. തിരുവനന്തപുരം, തീയതി: 01/11/2013**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 09/04/2013-ലെ എം3-10093/13 നമ്പർ കത്തും കുമളി ഗ്രാമപഞ്ചായത്തിന്റെ 25/09/2012-ലെ VIII (1)-ാം നമ്പർ തീരുമാനവും ഇടുക്കി ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 11/12/12-ലെ 1(3)-ാം നമ്പർ തീരുമാനവും

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 30/08/2013- ലെ LF/P.T2/7615/2013 നമ്പർ കത്ത്.

# <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ആയുർവേദ മെഡിക്കൽ ഓഫീസർ 1,49,999/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് കുമളി ഗ്രാമപഞ്ചായത്തിന്റെ 25/09/2012-ലെ VIII (1)-ാം നമ്പർ തീരുമാനത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012-ലെ 1(3)-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്ത് തമിഴ് നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്നതിനാൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനും, നിരാലംബരും വാർദ്ധക്യ സഹജമായ രോഗങ്ങളുള്ളവരും ഗ്രാമപ്ഞ്ചായത്തിൽ ഉള്ളതിനാലും പ്രസ്തുത ക്യാമ്പ് നിരവധി വൃദ്ധ ജനങ്ങൾക്ക് പ്രയോജനം ചെയ്തിട്ടുണ്ടെന്നുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും ഇടുക്കി ജില്ലാതല മോണിട്ടറിംഗ് സമിതിയുടെ

യോഗ തീരുമാനവും പരിഗണിച്ച് ഓഡിറ്റ് തടസ്സപ്പെടുത്തിയ 1,49,999/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കുമളി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.21 പ്രകാരം നിരാകരിച്ച 1,49,999/- (ഒരു ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കുമളി ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ